"ഭരണഭാഷ – മാതൃഭാഷ"

കേരളസംസ്ഥാനം

**വ്യാവസായിക പരിശീലന വകുപ്പ്**

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം,നാലും അഞ്ചും നില,തൊഴിൽ ഭവൻ വികാസ് ഭവൻ പി. ഓ
തിരുവനന്തപുരം-695033

**ഫോൺ-0471-2303856 ഇ-മെയിൽ:cru.dttvpm@kerala.gov.in**

# സർക്കുലർ

നമ്പർ:DT/1758/2026-B4 തീയതി:27-03-2026

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിങ് ഡയറക്ടറേറ്റ്- ഐ ടി ഐ - TA ബില്ലുകൾ മേലോപ്പ് ചാർത്തുന്നത് - സംബന്ധിച്ച്

സൂചന:- ഈ അഫീസിൽ നിന്നുള്ള 26.06.2024ലെ ഡിറ്റി/2830/2024-ബി4 നമ്പർ ച്യറ്ററിയിപ്പ്

മേൽ സൂചനയിലെ ചുറ്ററിയിപ്പ് പ്രകാരം ടിഎ ബില്ലുകൾ മേലൊപ്പ് ചാർത്തുന്നതിന് അയയക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇനിമുതൽ **01.04.2026** മുതൽ ടി എ ബില്ലുകൾ മേലൊപ്പ് ചാർത്തുവാൻ അയയ്ക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് വേണം ടിഎ ബിൽ ശുപാർശ സമർപ്പിക്കേണ്ടത്.

1. ടിഎ ക്ലെയിം ചെയ്യുന്ന ഉദ്യോഗസ്ഥൻ യാത്ര ചെയ്ത് അടുത്ത മാസം തന്നെ ടിഎ പർട്ടിക്കുലേഴ്സ് ഓഫീസിൽ ഹാജരാക്കിയിട്ടുണ്ടെന്ന് ഡിഡിഒ ഉറപ്പുവരുത്തേണ്ടതാണ്.

2. ഒരു ഉദ്യോഗസ്ഥൻ യാത്ര ചെയ്ത് ഒരു വർഷകാലയളവിനുള്ളിൽ ടിഎ ബില്ലുകൾ ഡയറക്ടറേറ്റിൽ മേലൊപ്പ് ചാർത്തുന്നതിന് അയക്കേണ്ടതാണ്.

3. **01.04.2026** മുതൽ ടി എ ബില്ലുകൾ മേലൊപ്പ് ചാർത്തുവാൻ അയക്കുമ്പോൾ ഒരു സെറ്റിൽ ഡ്യൂട്ടി സർട്ടിഫിക്കറ്റ്, പോസ്റ്റിങ്ങ് ഓർഡർ, ടി എ ബില്ല്, കവറിംഗ് ലെറ്റർ എന്നിവ ഉൾപ്പെടുത്തേണ്ടതാണ് ,രണ്ടാമത്തെ സെറ്റിൽ ടി എ ബില്ല് മാത്രം ഉൾപ്പെടുത്തുക.

4. തപാൽ മുഖേന ലഭിക്കുന്ന ഒറിജിനൽ ടി എ ബില്ലുകൾ സെക്ഷനിൽ ലഭിച്ചതിനു ശേഷമേ ടി ബിൽ മേലൊപ്പ് ചാർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൂ.

5. ഗസ്റ്റഡ് ഓഫീസറുടെ ടി എ ബില്ലുകൾ അയയ്ക്കുമ്പോൾ **TR *47*** ഫോമിലും നോൺ ഗസറ്റഡ് ടി എ ബില്ലുകൾ **TR *56*** ഫോമിലും ആണ് അയയക്കേണ്ടത്

6. ടൂർ ടി എ ബില്ലുകൾ തയ്യാറാക്കുമ്പോൾ ജീവനക്കാരുടെ **ബേസിക് പേ, തസ്തിക, ഓർഡർ നമ്പർ എന്ത് ആവശ്യത്തിനാണ് യാത്ര ചെയ്തത്** എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഡിഡിഒ ഉറപ്പുവരുത്തേണ്ടതാണ്

7. ട്രാൻസ്ഫർ TA ബില്ലുകളിൽ ബന്ധപെട്ട ബിൽ വൗച്ചർ തുക ₹5000 മുകളിൽ ആയാൽ റവന്യൂ സ്റ്റാമ്പ് ഉൾപെടുത്തണം. ട്രാൻസ്ഫർ TA ബിൽ വൗച്ചർ പാസ്ഓർഡർ രേഖപ്പെടുത്തണം.

8.ബന്ധപ്പെട്ട അധികാരിയുടെ അനുമതി ലഭ്യമായ എൽ.ടി.സി യാത്രയ്ക്ക് മാത്രമേ ടി എ അനുവദിക്കുകയുള്ളൂ.

മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാതെ **01.04.2026** ന് ശേഷം ലഭിക്കുന്ന ടി എ ബില്ലുകൾ യാതൊരു കാരണവശാലും മേലൊപ്പ് ചാർത്തുന്നതല്ല എന്ന വിവരം ഇതിനാൽ തെര്യപ്പെടുത്തുന്നു.

**ജോയിന്റ് ഡയറക്ടർ**

Digitally signed by
Shammi Baker A
Date: 27-03-2026
16:43:54

സ്വീകർത്താവ്:-

**എല്ലാ സ്ഥാപനമേധാവികൾക്കും**

**പകർപ്പ്:-** വകുപ്പിൻറെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുവാൻ